KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

Little KITEs

# ലിറ്റിൽ കൈറ്റ്സ്

## ജി.എച്ച്.എസ്.എസ് . തരിയോട്

# കുട്ടിപ്പട്ടങ്ങളുടെ ലോകം

# മാഗസിൻ

ലിറ്റിൽകൈറ്റ് യൂണിറ്റ് 2018-19

ജി.എച്ച്.എസ്.എസ്.തരിയോട്

# <u>യൂണിറ്റ് അംഗങ്ങൾ</u>

Download from
Dreamstime.com



# ആശംസകളോടെ...............



ജ്യോതിബായ്.കെ.എൻ
ഹെഡ്മിസ്ട്രസ്സ്
**ജി.എച്ച്.എസ്.എസ് തരിയോട്**

കേരളത്തിലെ പൊതുവിദ്യാലയങ്ങളിലെ ക്ലാസ്സ് മുറികളെല്ലാംഹൈടെക്ക് ക്ലാസ് മുറികളായി മാറുകയാണല്ലോ.മാറുന്ന വിദ്യാഭ്യാസ രീതിക്കനുസരിച്ച് സ്ക്രൂൾ അന്തരീക്ഷവും പഠനരീതികളെല്ലാം മാറേണ്ടതുണ്ട് പുതിയ പാഠ്യപദ്ധതി രീതിയിൽ ലിറ്റിൽ കൈറ്റ്സ് എന്ന ഐ.ടി സേനക്ക് ഒരുപാട് കർത്തവ്യങ്ങൾ സ്ക്രൂളിൽ നിറവേറ്റതായിട്ടുണ്ട്.

ഐ.ടി മേഖലയിൽ പ്രത്യേക പരിശീലനം സിദ്ധിച്ച ഒരു ക്രൂട്ടം കുട്ടികളുടെ ഐ.ടി ക്രൂട്ടായിമയാണ് "ലിറ്റിൽ കൈറ്റ്സ്" എന്ന് ഞാൻ മനസ്സിലാക്കുന്നു തീർച്ചയായും

തരിയോട് ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്ക്കൂളിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റും ഈ മേഖലയിൽ പ്രാവീണ്യം നേടിയിട്ടുണ്ട്.

ഹൈടെക്ക്ക്ലാസ്മുറികളിലെഉപകരണങ്ങൾ കൈകാര്യം

ചെയ്യുന്നതിലും ക്ലാസ് മുറികളിലെ ഐ.ടി അധിഷ്ഠിത വിദ്യാഭ്യാസം നിലനിർത്തുന്നതിലും ഈ സ്ക്കൂളിലെ ലിറ്റിൽ കൈറ്റ് അംഗങ്ങൾക്ക് കഴിയുന്നതാണ്.

ഭാവിയിൽ കാര്യക്ഷമമായും കൃത്യനിഷ്ഠതയോടും കൂടി സ്ക്കൂളിൽ നല്ല രീതിയിൽ ഐ.ടി പ്രവർത്തനങ്ങൾ കാഴ്ച്ച വെക്കാൻ ഈ യൂണിറ്റിന് കഴിയട്ടെ.

എല്ലാവിധ ആശംസകളും നേർന്ന് കൊണ്ട്.........

# ആശംസകളോടെ......

ശിവാനന്ദൻ.എം(PTA PRESIDENT)

ശാന്തി.കെ(MPTA PRESIDENT)

ബാബു.ടി(Sr.Assistant)

മഹേഷ്.എം(STAFF SECRETARY)

Download from
Dreamstime.com

# <u>എഡിറ്റോറിയൽ</u>

**അബ്ദുൽ റഷീദ്.കെ (SITC,GHSS.THARIODE)**

**ട്രീസ ബിജി തോമസ് (Little Kite Mistress)**

**അനഘ സതീഷ്. ഇ.പി (Little Kite student Leader)**

**ബീരാൻ .ബി.എ(Jt.SITC,GHSS.THARIODE)**

Download from
Dreamstime.com

# ഇവളെന്നും മഴത്തുള്ളി

ചെറുകഥ
ഷഫ്ന.വി.എസ് 9c

എന്റെ പ്രിയമുള്ള കൂട്ടുകാരി അവൾ ഒരു മഴത്തുള്ളി എന്നാണ് ഞങ്ങൾ വിളിച്ച് കളിയാക്കാറ് എന്താണോ അവൾക്ക് ഒരുപാട് ഭാരങ്ങളുണ്ട. ഭാരം എന്ന് പറയുമ്പോൾ അവളുടെ മനസ്സിലാണ് കേട്ടോ. അവളുടെ അച്ഛൻ എന്നും കള്ളുകുടിച്ച് വന്ന് പ്രശ്നമുണ്ടാക്കും.അവളുടെ പെറ്റമ്മ ശല്യം സഹിക്കാനാവാതെ ഇറങ്ങിപ്പോയി. എങ്കിലും അത് അവൾ ഞങ്ങളോടാരോടും പറഞ്ഞില്ല. പിന്നെ ഒറ്റക്ക് ഇരുന്ന് മനസ്സിലെ ഭാരങ്ങളെല്ലാം മഞ്ഞുകട്ട ഉരുകുന്നതുപോലെ അവൾ ഉരുക്കുതീർക്കും . ആകാശത്തുനിന്ന് മഴത്തുള്ളി വീഴുന്നതുപോലെ അവൾ അവളുടെ അച്ഛന്റെ മുമ്പിൽ നിന്ന് ഉരുകും.അവൾക്ക് സ്വന്തം പെറ്റമ്മയുടെ ലാളന അനുഭവിക്കാൻ അൽപ്പസമയം മാത്രമായിരുന്നു ഉണ്ടായിരുന്നത് എങ്കിലും അവളുടെ അമ്മ അവൾക്ക് പകർന്നു കൊടുത്ത പാഠം അവൾക്ക് ഒരു നല്ല ഗുണപാഠമാണ്.മഴത്തുള്ളി എന്ന് വിളിക്കുന്നത്. ഒരുപക്ഷെ അവൾക്ക് ഇഷ്ടമാണ് കാരണം അവൾ ഞങ്ങളോട് ഇടക്ക് പറയും.മഴത്തുള്ളി എന്ന് വിളിക്കുമ്പോൾ അവളുടെ മനസ്സിലെ അമ്മയില്ലാത്തതിന്റെ വിഷമം മതിൽപ്പോലെ ഉയർന്ന് നിൽക്കുകയാണെന്നും.മഴത്തുള്ളി മേഘത്തിൽ നിന്ന് ഉരുകി വീഴുന്നത് പോലെ ഇല്ലാതാകുമെന്ന് അവൾ പാവമാണ്.നല്ലവളാണ് പക്ഷെ അവളിൽ ഞങ്ങൾ കാണുന്ന ഒരു ചീത്ത സ്വഭാവമാണ് അവൾക്ക് മറ്റുള്ളവരെ അധികമായി

സ്നേഹിക്കാൻ കഴിയില്ല എന്നത്.ഒരു ദിവസം ഞങ്ങൾ അവളോട് ചോദിച്ചു.അപ്പോഴാണ് അവൾ ശരിക്കുമൊരു മഴത്തുള്ളിയെപ്പോലെ ആയത്.അവൾകരഞ്ഞുകൊണ്ട് ഞങ്ങളോട് പറഞ്ഞു എനിക്ക് സ്നേഹം എന്താണെന്ന് അധികമായി അറിയില്ല.സ്നേഹിക്കാൻ ഉണ്ടായിരുന്ന അമ്മയോ പോയി.അച്ഛനാണെങ്കിൽ,എന്നെ കൊല്ലാകൊലചെയ്യുകയാണ്.

ബോധം പോയി വീട്ടിൽ കയറി കിടക്കും നിങ്ങൾക്കറിയോ എന്റെ മനസ്സിൽ മദ്യത്തോടും,അച്ചനോടും വെറുപ്പുണ്ടാകാൻ കാരണം മദ്യം കുടിച്ച് അച്ഛൻ എന്റെ അമ്മയുടെ താലിമാലയും ശരീരം തന്നെയുംപണയംവെച്ചു.പിന്നെ അവൾ അനങ്ങിയില്ല ഇരുന്ന ഇരുപ്പിൽ അങ്ങനെ ഇരുന്നു.അവൾ കരഞ്ഞില്ല പക്ഷെ അവളുടെ ഉള്ളിൽ മഴത്തുള്ളി പെയ്തിറങ്ങുകയായിരുന്നു.

വിദ്യാർത്ഥികാലം കഴിഞ്ഞു ഞങ്ങളുടെ എല്ലാവരുടെയും വിവാഹം കഴിഞ്ഞു എങ്കിലും അവളുടെ ഒരു വിചാരവും ഞങ്ങൾക്കറിയില്ല.

എങ്കിലും ഒരുവിവരം ഞങ്ങൾക്കറിയാം അവൾ വിദൂരതയിലാണ്.

അമ്മയുടെ സ്നേഹം ഇല്ലാതെ മുഴു ഭ്രാന്തിയായി.എങ്കിലും ഞങ്ങളുടെ മനസ്സിൽ ഇപ്പോഴും അവൾ മഴത്തുള്ളിയാണ്.

# പ്രകൃതിയിലെ വർണങ്ങൾ

കവിത

*ഹരിപ്രിയ-9B*

*സൂര്യൻ  ഉദിച്ചു  വരുന്നു പൂക്കൾ  വിടരുന്നു.*
*മരങ്ങളിൽ നിന്നും പക്ഷികളുടെ കലപില*
*ശബ്ദം .പൂക്കളിൽ നിന്നും മധുരമായ  തേൻ*
*കുടിക്കാൻ പൂമ്പാറ്റകളും കിളികളും എത്തുന്നു*
*പൂന്തോട്ടത്തിലേക്ക്.അകലെയായി  ഒരു കുന്നിൻ*
*ചെരുവിൽ ആട്ടുകളെ മേച്ചോണ്ട് വരുന്ന ആട്ടിടയനും കുറേ*
*ആട്ടുകളും അവ പുല്ലും മറ്റ്  പച്ചിലകളും കഴിച്ചോണ്ട്*
*ശബ്ദമുണ്ടാക്കി വരുന്നു.അയാൾ  ആടിനെ മേച്ച്*
*പൂന്തോട്ടത്തിനടുത്തുള്ള കുന്നിൽ താഴ്വരയിലേക്ക് പുല്ല്*
*തീറ്റിപ്പിക്കാൻ എത്തുന്നു.പൂമ്പാറ്റകളും കിളികളും പൂക്കളിൽ*
*നിന്നും തേൻകുടിച്ച്  പറന്നുകളിക്കുയും മറ്റു പൂക്കൾതോറും*
*തേൻകുടിക്കുന്നു. ആട്ടിടയൻ ആട്ടുകളെ  പുല്ല് തീറ്റിപ്പിച്ചു കഴിഞ്ഞ്*
*തിരികെ പോകുന്നു. വീട്ടിലേക്ക്.കിളികളും പൂമ്പാറ്റകളും*
*അവയുടെ ദാഹവും  വിശപ്പും മാറ്റി കൂടണയുന്നു.*

# മഴയ്ക്കുശേഷം

കവിത

മഴയോട് വിടവാങ്ങി ഭൂമി
പിന്നെയും വിടവാങ്ങി ഭൂമി
ഭൂമിയെ നോവിച്ച ശേഷം
ഭൂമി നമ്മെയും നോവിച്ചു നോക്കി
ആ നോവ് നമ്മിലേറ്റു
ഭൂകമ്പവും അഗ്നിപർവ്വതസ്ഫോടനവും
പ്രളയവും സുനാമിയും
നമ്മെ ഭയത്തിലാഴ്ത്തി
എന്നു നന്നാവുമീ മനുഷ്യസമൂഹം
ഭ്രമിയെ സ്നേഹിക്കും മനുഷ്യനായി

*ANAGHA SATHEESH-9A*

# പ്രകൃതിയിലെ സൗന്ദര്യം

ഒരു വരണ്ട പ്രദേശം.
അവിടെ ജീവൻ അറ്റുപോകാനായ ഒരു ചെടിയുണ്ടായിരുന്നു. പെട്ടന്ന് ആകാശം ഇരുണ്ടു മഴ തുള്ളികൾ പതിയെ പതിയെ ഭൂമിയിൽ പതിച്ചു. പിന്നെ മഴ നിന്നു. ആ വരണ്ട പ്രദേശം മുഴുവൻ പച്ചപ്പാൽ നിറഞ്ഞു.



ആ കാഴ്ച വളരെ മനോഹരമായിരുന്നു. പിന്നെ അവിടെ ഒരു പൂവ് വിരിഞ്ഞു. ആ പൂവിലേയ്ക്ക് തേൻ കുടിക്കാൻ വേണ്ടി ഒരു പൂമ്പാറ്റ വന്നു. പിന്നെ തേൻ കുടിച്ചു പൂമ്പാറ്റ പോയി. പിന്നെ ആ പൂമ്പാറ്റ ആകാശത്തിൽ എത്തിയതിന് ശേഷം താഴേട്ട് നോക്കിയപ്പോൾ കണ്ടത് ഒരു മനോഹരമായ കാഴ്ചയാണ്. ആ കാഴ്ച ഇതാണ് ഒരു വലിയ പൂന്തോട്ടമാണ്. ഇത് പ്രക്യതിയിലെ ഒരു മനോഹരമായ കാഴ്ചയാണ്.

JISHNA 9A

# മണ്ണാങ്കട്ടയും കരിയിലയും

## ചെറുകഥ

SUNENA FATHIMA -9C

മണ്ണാങ്കട്ടയും കരിയിലയും ഉറ്റ ചങ്ങാതിമാരായിരുന്നു.ഒരു പാത്രത്തിലെ ഉണ്ണു, ഒരുമിച്ചെ ഉറങ്ങു...ഒന്നിച്ചെ എവിടെയും പോകൂ.... അത്രയ്ക്കുണ്ട് സ്നേഹം.നല്ല തെളിഞ്ഞ ഒരു ദിവസംഅവർ ഇരുവരും ഒരുമിച്ചൊരു യാത്ര പുറപ്പെടാൻ തീരുമാനിച്ചു.

കൈ കോർത്തുപിടിച്ച് ആടി രസിച്ച്, പാടി രസിച്ച്, കണ്ടു രസിച്ച് അവർ അങ്ങനെ നടന്നു .മണ്ണാങ്കട്ട തന്റെ കഥ കൂട്ടുക്കാരനോടു വിസ്തരിച്ചു.

ഒരു മൺക്കട്ടയായി മണ്ണിനടിയിൽ ഒരുപാടു കാലം ഉറങ്ങി കിടന്ന കഥ.കരിയിലയും സ്വന്തം കഥ പറഞ്ഞു തുടങ്ങി.കാട്ടിലെ മരക്കൊമ്പിന്റെ തുമ്പത്ത് രാജകുമരനെ പോലെ വാണ കഥ.വെയിലിൽ കുളിച്ച്, വെളിച്ചത്തിൽ മുങ്ങി, കാറ്റിലുലഞ്ഞ് കഴിഞ്ഞ കഥ.നേരം കടന്നു പോയി. വെയിൽ മങ്ങി . ആകാശം ഇരുണ്ടുവന്നു.കാറ്റു വീശാൻ തുടങ്ങി.കരിയില ഭയന്നു വിറച്ചു.”നീ പേടിക്കണ്ട, ഞാനില്ലേ കൂടെ.ഞാൻ നിന്നെ രക്ഷിക്കാം "മണ്ണാ

# മഴക്കാലം

കവിത

പതിയെമഴക്കാറു വന്നു തുടങ്ങി
ജലം വർഷിച്ചു.
പുൽ മേട്ടുകപതിയെമഴക്കാറു വന്നു തുടങ്ങി
പതിയെ മാന  പതിയെ മാനത്ത്
ളും പൂന്തോപ്പുകളും
പച്ച വിരിച്ചു നിൽക്കുന്നു.
എന്തു പേശലമി മാരി
എത്ര തുള്ളികൾ
മിന്നിതിളങ്ങുന്നു.

FATHIMA-9C

# പെയ്തൊഴിഞ്ഞ ആകാശം

_ഷിന്റു വർഗ്ഗീസ്
9C

പ്രകൃതിദേവത കനിഞ്ഞരുളി നിറവൈവിധ്യങ്ങൾ നിറഞ്ഞുനിന്ന ഒരു ഗ്രാമം. സന്തോഷവും സമാധാനവും നിറഞ്ഞുനിന്ന ആ ഗ്രാമത്തിൽ ദുഷ്ചിന്തകളുടെ കട്ടുംകെട്ടുകൾ മുറുകി അത് ആ പ്രകൃതിയെ വേരോടെ മുറിച്ചു കളഞ്ഞു. ആ ഗ്രാമത്തെ തലോടുന്ന ചെറു തെന്നലായി തലോടുന്ന വൃക്ഷങ്ങളെ വേരോടെ നീക്കണമെന്നുള്ള ഞെട്ടിപ്പിക്കുന്ന വാർത്ത ആ ഗ്രാമത്തിൽ എങ്ങും പരന്നു വൈകാതെ അവർ ഉൾകൊണ്ടുകഴിഞ്ഞു പിന്നീട്, ആ ഗ്രാമത്തിൽ പച്ചപ്പില്ലാതെയായി മരങ്ങളെല്ലാം വെട്ടിനീക്കി കയറ്റിയയച്ചു. പിന്നെ ജനങ്ങൾ വെള്ളത്തിനായി അവർ തമ്മിൽ തല്ലി . കിണറുകളിലും ജലാശയങ്ങളിലും വെള്ളമില്ലാതെയായി. ആ ഗ്രാമത്തിന്റെ അവസ്ഥ കണ്ട് ഒരു ചെറു മനസ്സ് വളരെ വേദനിച്ചു. അവന്റെ ഇരു നയങ്ങളിൽ നിന്ന് ചുടു കണ്ണുനീർ താഴേക്ക് വീണു .അത് ആ വരണ്ട ഭൂമിയെ ധന്യമാക്കി .അവൻ ഒരു തൈ പിഴുതെടുത്ത് ആ വരണ്ട ഭൂമിയിൽ നട്ടു .അതിനുശേഷം അവൻ ഒരു കുടം വെള്ളം അതിനു ഒഴിച്ചു കൊടുത്തു അപ്പോഴേക്കും ഒരു ചെറുനീരുറവ അവിടെ പ്രത്യക്ഷപ്പെട്ടു . . . . . . . . . .

# ചതിച്ചചങ്ങാതി_

ചെറുകഥ

ATHIL - 9B

രണ്ട് ചങ്ങാതി മാരുണ്ടായിരുന്നു. ആ കൂട്ടുകാർ
ഒരു ദിവസം കാട്ടിൽ പോയി. അവർ നടന്ന് നടന്ന് ഉൾകാട്ടിൽ എത്തിയപ്പോൾ ഒരു കരടി അവരെഓടിപ്പിച്ചു.അവർ എന്ത്ചെയ്യണമെന്ന്
ആലോജിച്ചു. ഒരുത്തൻ തന്റെ ജീവനെ മാത്രം ആലോജിച് അവൻ തൊട്ടടുത്തുളള മരത്തിൽ കയറി. താഴെ ഇരിക്കുന്ന കൂട്ടുകാരൻ പെട്ടന്ന്
മരിച്ചതുപോലെ കിടന്നു. കരടി താഴെ കിടന്നവനെ കണ്ടപ്പോൾ മരിച്ചന്നു കരുതി കരടി
തിരിച്ചു പോയി.അപ്പോൾ അവന് മനസ്സിലായി
ഇവൻ എന്റെ ഉറ്റചങ്ങാതിയല്ല എന്നും മനസ്സിലായി.......

# ആമയും കൊക്കുകളും

MUHAMMED SHANID-9B

ഒരു കാട്ടിൽ ഒരു കുളംമുണ്ടായിരുന്നു

ആ കുളത്തിൽ ഒരു ആമയുണ്ടായിരുന്നു

ആ കുളത്തിൽ വരൾച്ചഉണ്ടായി കുളത്തിലെ വെള്ളം കുറയാൻ തുടങ്ങി

അപ്പോൾ ആമ പറഞ്ഞു എന്നെ ആരെങ്കിലും രക്ഷിക്കണമേ..... ഈ സമയത്ത് രണ്ട് കൊക്കുകൾ പറക്കുന്നുണ്ടായിരുന്നു. ആമയുടെ കരച്ചിൽ കേട്ട് കൊക്കുകൾ ആമയുടെ അടുത്തേക്ക് വന്നു അപ്പോൾ കൊക്കുകൾ ചോദിച്ചു നീ എന്തിനാ കരയുന്നെ? ഈ കുളത്തിലെ വെള്ളം വറ്റിപ്പോയി എന്നെ ഇവടെ നിന്ന് രക്ഷിക്കണം. അപ്പോൾ കൊക്കുകൾ പറഞ്ഞു ഞങ്ങൾ പറയുന്നത് പോലെ കേൾക്കണം ആമ തലയാട്ടി കൊണ്ട്

സമ്മതം മൂളി.കൊക്കുകൾ ഒരു വടി കൊണ്ടു വന്നു. ഈ വടിയുടെ നടുവിൽ

കടിച്ചു പിടിക്കണമെന്ന്  പറഞ്ഞു ആമ സമ്മതം പറഞ്ഞു. കൊക്കുകൾ വടിയുടെ

രണ്ടറ്റത്തും അവരുടെ കൊക്കുകൽ

കൊണ്ട് കടിച്ചു പിടിച്ചു. ആമ വടിയുടെ

നടുവിൽ കടിച്ചു പിടിച്ചു.പറക്കുന്നതിനുമുമ്പ്

കൊക്കുകൾ പറഞ്ഞു പറക്കുമ്പോൾ സംസാരിക്കരുത്

എന്നു പറഞ്ഞു.അവർ  പറന്നു.കൊണ്ടിരിക്കെ ഒരുകാക്ക

അവരുടെ നേരെ പറന്നു വന്നു. അപ്പോൾ കാക്ക

പറഞ്ഞു.ആമയും പറക്കുന്നോ? ഇതു കേട്ട

ആമ വടി യിൽ നിന്ന് കടിവട്ട് കാക്കയോട്

പറഞ്ഞു ആമകൾക്കും പറന്നൂടെ ഇതു പറഞ്ഞ തോടെ

ആമ നിലം പതിച്ചു

# നോവ്

കവിത

മുസമ്മിൽ.എം കെ

നാലുകെട്ടിൻ അകത്തായി
ഇരിപ്പുണ്ടൊരു പെൺകുട്ടി
ഒരുപാട് വേർപാടിൻ
കനലാണവൾ മനസ്സിൽ
കണ്ണുനീർ കൊണ്ടണയ്ക്കാൻ
കഴിയാത്ത കനലുകൾ

അമ്മയില്ല വേർപാടിൽ
അച്ഛനാണു നമ്മ, അച്ഛനാണ്
സൂര്യ എന്നവൾ പാടി
അശാന്തയുടെ വേനലിൽ
കുളിരായി അച്ഛനുണ്ടെന്നുകരുതി

പാൽനിലാവു പെയ്യുന്ന നേരം
പുതപ്പിൻ ചൂടിൽ കിടാക്കുമ്പോൾ
ഒരു വന്റെ കൈ തന്റെ ദേഹത്ത്
വന്നപ്പോൾ അവൾ ഞടിത്തരിച്ചു പേയി
പതിനഞ്ചു  വയസ്സിന്റെ പ്രായകൊഴുപ്പിൽ
കൈ തന്റെ അച്ഛന്റെ താണെന്നവളറാഞ്ഞു
ശമനമില്ലാത്ത കണ്ണുനീരായി

അവൾ പകച്ചുനിന്നു പോയി
പിടയുന്ന അമ്മയെ കൊന്ന
ചാരനാണച്ഛൻ  എന്ന അവളറിഞ്ഞു

എരിയുന്ന കനലായി അവൾ
മൂകയായി ഏകാന്തമായി ഇരുന്നു
ദൈവമെന്ന അച്ഛൻ തന്റെ
പിശാചായതവൾ ഓർത്തിരുന്നു

അന്ധകാര മൂകതയിൽ
സ്വയം പഴിചാരികൊണ്ടവൾ
ഇരുന്നു അച്ഛൻ എന്ന കനലുമായി..........


# പൂമ്പാറ്റ

GAYATHRI ANIL 9C

കവിത

പാറി നടക്കും പൂമ്പാറ്റേ.........
നിൻ അഴകെത്ര സുന്ദരം......
വർണശലഭമാം ചിറകുകൾ വിടർത്തി
എങ്ങോട്ടു നീ പാറിപറന്നീടവേ.....

മരന്ദം തുളുമ്പുന്ന മലരിൻ ചുറ്റും
മന്ദമായി നീ പറന്നീടുന്നു...
നാനാവർണ്ണം കൊണ്ടുള്ള നിൻ ചിറക്
തണുത്ത കുളിർ തെന്നലിൽ ഒഴുകീടവേ......
മന്ദം മന്ദം ഒഴുകീടവേ.....


Amrutha J V
23-09-17

# മലയാള ചെറുകഥ

## നാൾവഴി

'വിദ്യാവിനോദിനി' മാസികയിൽ 1891-ൽ (1066 കുംഭം) പ്രസിദ്ധീകരിച്ച വാസനാ വികൃതിയാണ് മലയാളത്തിലെ ആദ്യത്തെ ചെറുകഥ. പത്രപ്രവർത്തകനായിരുന്ന കേസരി വേങ്ങയിൽ കുഞ്ഞിരാമൻ നായനാരാണ് വാസനാ വികൃതി രചിച്ചത്. കഥാകൃത്തിന്റെ പേരു വയ്ക്കാതെയാണ് ഈ ചെറുകഥ പ്രസിദ്ധീകരിച്ചത്. സി. എസ്. ഗോപാലപ്പണിക്കർ, മൂർക്കോത്തു കുമാരൻ, ഒടുവിൽ കുഞ്ഞികൃഷ്ണമേനോൻ, അമ്പാടി നാരായണപ്പതുവാൾ, എം. ആർ. കെ. സി., കെ. സുകുമാരൻ, ഇ. വി. കൃഷ്ണപിള്ള എന്നിവരായിരുന്നു പ്രമുഖരായ ആദ്യകാല കഥാകൃത്തുക്കൾ.

ഒന്നാം ഘട്ടം

പത്രമാസികകളുടെ പ്രചാരമാണ് ചെറുകഥയ്ക്ക് വായനക്കാരെ സൃഷ്ടിച്ചത്. ഈ അന്തരീക്ഷം ഒട്ടേറെ എഴുത്തുകാരെ ചെറുകഥയിലേക്ക് ആകർഷിച്ചു. കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ, ശീവൊള്ളി നാരായണൻ നമ്പൂതിരി, പന്തളം കേരളവർമ്മ, സി. പി. അച്യുതമേനോൻ, അപ്പൻ തമ്പുരാൻ, സി. വി. കുഞ്ഞുരാമൻ, കാരാട്ട് അച്യുതമേനോൻ, തേലപ്പുറത്ത് നാരായണൻ നമ്പി, ചിത്രമെഴുത്ത് കെ. എം. വർഗീസ്, എം. രത്നം, എൻ. എം. ദാസ്, ഇ. ഐ. പങ്ങിയച്ചൻ, കണ്ണമ്പ്ര കുഞ്ഞുണ്ണിനായർ, സി. ശങ്കരവാരിയർ, പി. ജി. രാമയ്യർ, അമ്പാടി കാർത്ത്യായനി അമ്മ, വി. പാർവതിയമ്മ, ടി. സി. കല്യാണിയമ്മ തുടങ്ങി ഒട്ടേറെ എഴുത്തുകാർ ആദ്യകാലത്ത് ചെറുകഥകളെഴുതിയിരുന്നു. ഈ ആദ്യഘട്ടത്തിന്റെ ഒടുവിൽ രംഗത്തു വന്ന കഥാകൃത്തുക്കളാണ് കെ. പി. കേശവമേനോൻ, ചേലനാട്ട് അച്യുതമേനോൻ, കെ. എൻ. എഴുത്തച്ഛൻ, എസ്. രാമാവാരിയർ, സി. എ. കിട്ടുണ്ണി, പാവുണ്ണി തൈക്കാട്, വിളാവട്ടത്ത് ശങ്കരപ്പിള്ള, കെ. എസ്. മണി തുടങ്ങിയവർ.

രണ്ടാം ഘട്ടം

1925 മുതൽ ചെറുകഥയുടെ രണ്ടാം ഘട്ടം ആരംഭിക്കുന്നു. വ്യക്തമായ സാമൂഹിക വീക്ഷണത്തോടുകൂടി എഴുതിയ ചെറുകഥകളുടെ ഘട്ടമാണത്. വി. ടി. ഭട്ടതിരിപ്പാട്, മുത്തിരിങ്ങോട് ഭവത്രാതൻ നമ്പൂതിരി, എം. ആർ. ബി തുടങ്ങിയവരുടെ കഥകളാണ് ഇതിനുദാഹരണം. 1920-കൾ മുതൽ ലോകകഥയെ പരിചയപ്പെടുത്തിയും ചെറുകഥയുടെ സൗന്ദര്യശാസ്ത്രപരമായ പ്രശ്നങ്ങൾ ചർച്ച ചെയ്തും നിരൂപകനായ കേസരി ബാലകൃഷ്ണപിള്ള പുതിയൊരു സാഹിത്യാവബോധം മലയാളത്തിൽ സൃഷ്ടിച്ചു. ചെറുകഥയിലും നോവലിലും പരിവർത്തനം കൊണ്ടുവരാൻ ചെറിയ സഹായമല്ല കേസരി ചെയ്തത്. ഒട്ടേറെ യൂറോപ്യൻ ചെറുകഥകൾ വിവർത്തനം ചെയ്തും കേസരി മാതൃക കാണിച്ചു. ജീവൽസാഹിത്യ പ്രസ്ഥാനവും പുരോഗമന സാഹിത്യപ്രസ്ഥാനവും സാഹിത്യത്തിന് പുതിയ ലക്ഷ്യബോധം പകരുകയും ചെയ്തു. ഈ പരിവർത്തന ദശയിൽ ഉയർന്നു വന്ന അഞ്ചു കഥാകൃത്തുക്കൾ മലയാള കഥയുടെ സുവർണ്ണയുഗത്തിന്റെ സ്രഷ്ടാക്കളായി മാറി. എസ്. കെ. പൊറ്റക്കാട്ട്, പി. കേശവദേവ്, തകഴി ശിവശങ്കരപ്പിള്ള, വൈക്കം മുഹമ്മദ് ബഷീർ, പൊൻകുന്നം വർക്കി എന്നിവരാണവർ.

സുവർണ്ണകാലം

പൊൻകുന്നം വർക്കി, എസ്. കെ. പൊറ്റക്കാട്ട്, കേശവദേവ്, തകഴി, ബഷീർ എന്നീ അഞ്ചു പേരും ലളിതാംബിക അന്തർജ്ജനം, കാരൂർ നീലകണ്ഠപിള്ള, ഉറൂബ് (പി. സി. കുട്ടികൃഷ്ണൻ), കെ. സരസ്വതിയമ്മ തുടങ്ങിയവരും ചേർന്നാണ് 1930- കൾക്കു ശേഷം മലയാള കഥയിലെ

സുവർണ്ണയുഗം സൃഷ്ടിച്ചത്. റിയലിസത്തിന്റെ സന്ദേശമാണ് അവർ ഉയർത്തിയത്. അദ്ഭുതരസവും പരിണാമ ഗുപ്തിയും തൊലിപ്പുറമേയുള്ള ഫലിതവും നിറഞ്ഞ ആദ്യകാല കഥകളിൽ നിന്നുള്ള വമ്പൻ കുതിപ്പു ചാട്ടമാണ് ഈ തലമുറ നിർവഹിച്ചത്.

ദരിദ്രമനുഷ്യരുടെ ജീവിതവും അവർ നേരിടുന്ന ചൂഷണങ്ങളും രാഷ്ട്രീയസമരവും അധികാര വിമർശനവും ഈ കഥാകൃത്തുക്കളുടെ പ്രമേയമായി. വർക്കിയുടെ മന്ത്രിക്കെട്ട്, അന്തോണീ നീയുമച്ചനായോടാ, ശബ്ദിക്കുന്ന കലപ്പ, തകഴിയുടെ വെള്ളപ്പൊക്കത്തിൽ, കേശവദേവിന്റെ ഗുസ്തി, കൂൾഡ്രിങ്ക്, പ്രതിജ്ഞ, ബഷീറിന്റെ നീലവെളിച്ചം, ജന്മദിനം, ടൈഗർ, പൊറ്റക്കാട്ടിന്റെ ഒട്ടകം, ഏഴിലംപാല, കാട്ടുചെമ്പകം, നിശാഗന്ധി, കാരൂരിന്റെ മരപ്പാവകൾ, പൂവമ്പഴം, അരഞ്ഞാണം, ഉതുപ്പാന്റെ കിണർ, മോതിരം, പിശാചിന്റെ കുപ്പായം, അന്തർജ്ജനത്തിന്റെ മാണിക്കൻ, പ്രതികാരദേവത, സരസ്വതിയമ്മയുടെ പെൺബുദ്ധി, ചോലമരങ്ങൾ തുടങ്ങിയ എത്രയോ കഥകൾ ആ സുവർണ്ണഘട്ടത്തിന്റെ സ്മാരകങ്ങളായി നിലനിൽക്കുന്നു.

ഒട്ടേറെ പുതിയ എഴുത്തുകാർ 1940-കളിൽ ചെറുകഥാരംഗത്തെ വികസ്വരമാക്കി. പുളിമാന പരമേശ്വരപിള്ള, നാഗവള്ളി ആർ. എസ്. കുറുപ്പ്, വെട്ടൂർ രാമൻ നായർ, പോഞ്ഞിക്കര റാഫി, ടി. കെ. സി. വടുതല തുടങ്ങിയവർ ഈ കാലഘട്ടത്തിൽ ശ്രദ്ധേയരായിത്തീർന്നു. മുട്ടത്തു വർക്കി, വൈക്കം ചന്ദ്രശേഖരൻ നായർ, ചെറുകാട്, ഐ. കെ. കെ. എം., എം. പരമേശ്വരൻ നായർ, പെരുന്ന തോമസ്, എൻ. ഗോവിന്ദൻകുട്ടി, ടാറ്റാപുരം സുകുമാരൻ, ജി. മാധവമേനോൻ, ഡി. എം. പൊറ്റെക്കാട്ട്, സി. അച്യുതക്കുറുപ്പ്, എസ്. കെ. ആർ. കമ്മത്ത്, ഇ. എം. കോവൂർ, എം. എൻ. ഗോവിന്ദൻ നായർ, വേളൂർ കൃഷ്ണൻ കുട്ടി, പി. കെ. രാജരാജവർമ, ആനന്ദക്കുട്ടൻ, എൻ. പി. ചെല്ലപ്പൻ നായർ, പി. സി. കോരുത്, വി. ടി. നന്ദകുമാർ, സരളാരാമവർമ, എസ്. കെ. മാരാർ തുടങ്ങി ഒട്ടേറെ കഥയെഴുത്തുകാർ 1940 കൾക്കു ശേഷം ഉയർന്നു വന്നവരാണ്.

മൂന്നാം ഘട്ടം

1950-കൾ മുതൽ ചെറുകഥ അന്നുവരെയുള്ളതിൽ നിന്നു വ്യത്യസ്തമായ വഴിയിൽ സഞ്ചരിക്കാൻ തുടങ്ങി. സാഹിത്യരൂപമെന്ന നിലയിൽ ചെറുകഥ ഏകാഗ്രവും സൂക്ഷ്മവുമായ ശില്പമായിത്തീർന്ന ഈ ഘട്ടത്തിലെ കഥകൾ ആന്തരികാനുഭവങ്ങൾക്കും മനോവൃത്തികൾക്കും പ്രാധാന്യം നൽകി. ബിംബ പ്രധാനമായ ആഖ്യാനരീതിയും പ്രാബല്യം നേടി. ഏകാകിയുടെ വേദനകൾ ആവിഷ്കരിക്കുന്ന കഥകളായിരുന്നു ഈ പുതുഭാവുകത്വത്തിലെ ശ്രദ്ധേയമായ രചനകളിൽ പലതും. എം. ടി. വാസുദേവൻ നായരുടെയും ടി. പദ്മനാഭന്റെയും കഥകളാണ് ഈ ഭാവപരിവർത്തനത്തിനു തുടക്കമിട്ടത്. എം. ടി. യുടെ ബന്ധനം, വളർത്തു മൃഗങ്ങൾ, കുട്ട്യേടത്തി, ഇരുട്ടിന്റെ ആത്മാവ്, പള്ളിവാളും കാൽചിലമ്പും, ഓപ്പോള്, വാരിക്കുഴി, സുകൃതം, അജ്ഞാതന്റെ ഉയരാത്ത സ്മാരകം, വാനപ്രസ്ഥം, ഷെർലക് തുടങ്ങിയ കഥകൾ അതിപ്രശസ്തമാണ്. കടയനെല്ലൂരിലെ ഒരു സ്ത്രീ, കാലഭൈരവൻ, പ്രകാശം പരത്തുന്ന ഒരു പെൺകുട്ടി, മഖൻസിങ്ങിന്റെ മരണം, ഭയം, ഹാരിസൺ സായ്‌വിന്റെ നായ, ശേഖൂട്ടി, ഗോട്ടി, ഗൗരി തുടങ്ങിയ ഒട്ടേറെ പ്രശസ്ത കഥകളുടെ കർത്താവാണ് ടി. പദ്മനാഭൻ.

എൻ. പി. മുഹമ്മദ്, കെ. ടി മുഹമ്മദ്, പി. എ. മുഹമ്മദ് കോയ, സി. രാധാകൃഷ്ണൻ, കോവിലൻ, പാറപ്പുറത്ത്, ജി. എൻ. പണിക്കർ, തുളസി, നന്തനാർ, വിനയൻ, ജി. വിവേകാനന്ദൻ, ഉണ്ണികൃഷ്ണൻ പുത്തൂർ തുടങ്ങിയ ഒട്ടേറെ കഥാകൃത്തുക്കൾകൂടി ചേർന്നതാണ് മൂന്നാംഘട്ടം.

ആധുനികത

ആധുനികതയുടെ കാലമാണ് ചെറുകഥയിലെ നാലാം ഘട്ടം. നഗരകേന്ദ്രിതമായ ആധുനിക സമൂഹത്തിൽ മാനുഷിക മൂല്യങ്ങളും മനുഷ്യസ്ഥിത്വവും നേരിട്ട പ്രതിസന്ധികളും ജീവിതത്തിനുണ്ടായ അന്യവത്കരണവും ഏകാന്തതാബോധവുമൊക്കെയായിരുന്നു ആധുനികരുടെ വിഷയങ്ങൾ. ഒ. വി. വിജയൻ, മാധവിക്കുട്ടി, എം. പി. നാരായണപിള്ള, കാക്കനാടൻ, എം. മുകുന്ദൻ, സേതു, പുനത്തിൽ കുഞ്ഞബ്ദുള്ള, വി. കെ. എൻ., ടി. ആർ., കെ. പി. നിർമൽ കുമാർ, മേതിൽ രാധാകൃഷ്ണൻ, എം. സുകുമാരൻ, പി. കെ. നാണു, യു. പി. ജയരാജ്, സി. ആർ. പരമേശ്വരൻ, സക്കറിയ, സി. വി. ശ്രീരാമൻ, പി. വത്സല, എസ്. വി. വേണുഗോപൻ നായർ, വൈശാഖൻ, മുണ്ടൂർ കൃഷ്ണൻ കുട്ടി, തുടങ്ങിയ ഒട്ടേറെപ്പേരുൾപ്പെടുന്നതാണ് ആധുനികതയുടെ തലമുറ. ഒ. വി. വിജയന്റെ എണ്ണ, അരിമ്പാറ, കടൽത്തീരത്ത്, കാറ്റു പറഞ്ഞ കഥ, മാധവിക്കുട്ടിയുടെ പക്ഷിയുടെ മണം, നാവിക വേഷം ധരിച്ച കുട്ടി, പരുന്തുകൾ, നെയ്പായസം, കാക്കനാടന്റെ ശ്രീചക്രം, നിഷാദസങ്കീർത്തനം, യൂസഫ് സരായിയിലെ വ്യാപാരി, കുഞ്ഞമ്മപ്പാലം, എം. പി. നാരായണപിള്ളയുടെ ജോർജ്ജ് ആറാമന്റെ കോടതി, മുരുകൻ എന്ന പാമ്പാട്ടി, എം. മുകുന്ദന്റെ രാധ രാധമാത്രം, അഞ്ചര വയസ്സുള്ള കുട്ടി, ദൽഹി 1981 തുടങ്ങിയ കഥകൾ ആധുനിക ചെറുകഥയുടെ മികച്ച മാതൃകകളാണ്.

ആധുനികതയ്ക്കു ശേഷം

ആധുനികതയുടെ പ്രഭാവ കാലത്തു തന്നെ അതിൽ നിന്നു വ്യത്യസ്തമായി എഴുതാൻ ശ്രമിച്ച ഒരുപറ്റം കഥാകൃത്തുക്കൾ രംഗത്തു വന്നു. വി. പി. ശിവകുമാർ, എൻ. എസ്. മാധവൻ, അയ്മനം ജോൺ, യു. കെ. കുമാരൻ, സി. വി. ബാലകൃഷ്ണൻ, സാറാ ജോസഫ്, എൻ. പ്രഭാകരൻ, അഷ്ടമൂർത്തി, ടി. വി. കൊച്ചു ബാവ, വി. ആർ. സുധീഷ്, അക്ബർ കക്കട്ടിൽ, എം. രാജീവ് കുമാർ, മാനസി, ഇ. വി. ശ്രീധരൻ തുടങ്ങിയവയെല്ലാം ഈ തലമുറയിൽ ഉൾപ്പെടുന്നു. വിശാലാർത്ഥത്തിൽ ആധുനികതയുടെ ഭാഗമാണ് ഈ എഴുത്തുകാരും.

ഉത്തരാധുനികത

1990- കൾ മുതൽ ആവിർഭവിച്ച ഭാവുകത്വത്തെയാണ് ഉത്തരാധുനികതയെന്നു വിശേഷിപ്പിക്കുന്നത്. കഴിഞ്ഞ തലമുറയിൽപ്പെട്ടവരും ഈ പുതുഭാവുകത്വ രീതി സ്വാംശീകരിച്ചു കഴിഞ്ഞിട്ടുണ്ട്. തോമസ് ജോസഫ്, വി. വിനയകുമാർ, അശോകൻ ചരുവിൽ, സുഭാഷ് ചന്ദ്രൻ, സന്തോഷ് ഏച്ചിക്കാനം, ബി. മുരളി, ഉണ്ണി ആർ. തുടങ്ങിയ ഒട്ടേറെ കഥാകൃത്തുക്കൾ ഉൾപ്പെടുന്നതാണ് ചെറുകഥയുടെ ഈ വർത്തമാനകാല തലമുറ.

Punnya na - noushida ck 9c

# ഓർമ്മയായി ഒരു മഴത്തുള്ളി

ചെറുകഥ

ANAGHA SATHEESH 9A

കുറച്ച് വർഷങ്ങൾക്കു മുമ്പാണ് ഈ കഥ നടക്കുന്നത്. അങ്ങ് ദൂരെ ഒരു കൊച്ചു ഗ്രാമത്തിൽ അവിടെ ഒരു പാവപ്പെട്ട കർ ഷകകുടുംബം താമസിച്ചിരുന്നു. വളരെ സത്യസന്ധരും പാവങ്ങളുമായിരുന്നു ആ വീട്ടുകാർ.
ആ വീട്ടിൽ ഒരു പാവം കുട്ടിയുണ്ടായിരുന്നു അമ്മു. അവൾ ആരെയും ദ്രോഹിക്കില്ല. അവൾ വളരെ സത്യസന്ധയുമാ- യിരുന്നു. തന്റെ കുടുംബം അനുഭവിക്കുന്ന കഷ്ടപ്പാട് അവൾക്കറിയാം. അതുകൊണ്ടുതന്നെ അവൾ അവൾക്കായി വേണ്ട കളിപ്പാട്ടങ്ങളോ നല്ല നല്ല ഉടുപ്പുകളോ അവരോട് ആവശ്യപ്പെട്ട് വാശിപിടിച്ചിരുന്നില്ല. അവളെ പഠിപ്പിച്ച് നല്ലൊരു ജോലി വാങ്ങികൊടുക്കണമെന്നാണ് അവളുടെ മാതാപിതാക്കളുടെ ആഗ്രഹം.എന്നാൽ ഭാവിയിൽ അവൾ കഷ്ടപ്പെടില്ലല്ലോ?
ഒരു ദിവസം അവളുടെ അമ്മയായ രുക്മിണി പറഞ്ഞു: “ചേട്ടാ നമ്മൾ കഷ്ടപ്പെട്ട് പണിയെടുത്തിട്ടായാലും മകളെ പഠിപ്പിക്കണം”.
“അതെ അതെ നമ്മളനുഭവിക്കുന്ന കഷ്ടപ്പാട് നാളെ നമ്മുടെ മകൾക്ക് വരരുത്.”അവളുടെ അച്ഛൻ പറഞ്ഞു.
പിറ്റേന്ന് രാവിലെ അവൾ സ്കൂളിലേക്ക് പോയി.
അവളുടെ മാതാപിതാക്കളുടെ കഷ്ട്പാടും അവസ്ഥയും
ഓർത്ത് നടന്ന് അവൾ സ്കൂളിലെത്തി.അവളുടെ ക്ലാസ്സിലെ കുട്ടികൾ പലരും പണക്കാരുടെ മക്കളായിരുന്നു.
എന്നെയും അവൾ തന്റെ മാതപിതാകൾക്ക് കൊടുത്ത പ്രതിജ്ഞ മറക്കില്ല.
ഞാൻ പഠിച്ച് നല്ലൊരു ജോലവാങ്ങും.
ഉറപ്പ് അവൾ മനസ്സിൽ പറഞ്ഞു.
കുറച്ച് ദിവസത്തിന് ശേഷം ഗ്രാമത്തിലാകെ മഴപെയ്തു തുടർച്ചയായി പെയ്ത മഴയിൽ അവളുടെ ഗ്രാമത്തിലെ പലരുടേയും വീടും സാധാനങ്ങളും

പ്രളയത്തിൽ ഒലിച്ചുപോയി. അവളുടെ വീട്ടിലും ഇതേ അവസ്ഥയായിരുന്നു. അവളും അവളുടെ കുടുംബവും ദുരിതാശ്വാസക്യാമ്പിൽ കഴിയേണ്ടിവന്നു. മഴ ഒന്ന് നിന്നു. അവർ തിരികെ വീട്ടിലേക്ക് മടങ്ങി. വസ്ത്രങ്ങളും സാധനങ്ങളുമെല്ലാം നഷ്ടപ്പെട്ട അവർ ദുരിതത്തിലായി. പലവഴിയിലൂടെ അവർക്ക് വസ്ത്രങ്ങളും സാധനങ്ങളും ലഭിച്ചു. കുറച്ച് ദിവസത്തിനു ശേഷം അവൾ തന്റെ സുഹൃത്തുക്കളുമൊത്ത് സ്കൂളിലേക്ക് പോവുകയായിരുന്നു. പോകുംവഴി ഒരു വൃദ്ധനെ കണ്ടു. തന്റെ അവസ്ഥ തന്നെയായിരുന്നു ആ വൃദ്ധനും. വൃദ്ധന്റെ മക്കളും മരുമക്കളുമെല്ലാം അയാളുടെ സ്വത്തുക്കൾ വാങ്ങി അയാളെ ഉപേക്ഷിച്ചു. വളരെ ദയനീയമാണെങ്കിലും അയാളെ സഹായിക്കാൻ അവൾ മുന്നോട്ടിറങ്ങി. പക്ഷെ, എന്തു ചെയ്യാനാവുമവൾക്ക് അവളുടെ കയ്യിൽ പണമില്ലായിരുന്നു. എങ്കിലും തനിക്കാവുന്നവിധം അയാളെ അവൾ സഹായിച്ചു.

കുറച്ചു ദിവസത്തിനു ശേഷം അവൾ സ്കൂളിലേക്ക് പോകുമ്പോൾ കാണുന്ന വൃദ്ധനെ കാണാനിടയായില്ല. പിന്നീടാണവളറിഞ്ഞത് ആ വൃദ്ധൻ ആക്സിടന്റിൽ മരിച്ചെന്ന്. അവൾ ആകെ വിഷമത്തിലായി.

2 വർഷത്തിനു ശേഷം

അമ്മു കളിച്ചുകൊണ്ടിരിക്കുമ്പോഴാണ് തന്റെ അച്ഛനെ വാഹനമിടിച്ച് ഹോസ്പിറ്റലിൽ കൊണ്ടുപോയെന്നറിഞ്ഞത് അമ്മുവും അമ്മയും പൊട്ടികരഞ്ഞുപോയി.

ഹോസ്പ്പിറ്റലിൽ നിന്ന് തിരിച്ചെത്തിയ അച്ഛനെ കണ്ട് അവൾ കരഞ്ഞുപോയി. എണീക്കാനാവാതെ കിടപ്പിലായ അച്ഛൻ. അവളുടെ അമ്മ കഷ്ടപ്പെട്ട് പണിയെടുത്ത് അവളെ ഒരു ടീച്ചറാക്കി. അവൾ അമ്മയ്ക്ക് കൊടുത്ത വാക്ക് പാലിച്ചു. അവളുടെ മനസ്സിൽ കണ്ണീരണിയിക്കുന്ന ഒരു മഴത്തുള്ളിയായിആ ദുരന്തം.

# ബുദ്ധിമാനായ മുയൽ

ചെറുകഥ

SANJU SEBASTIAN -9C

പണ്ട് പണ്ട്  കാട്ടിൽ ഒരു മുയലുണ്ടായിരുന്നു.
ഒരിക്കൽ കാട്ടിൽ സിംഹത്തിന്റെ അറിയ്യിപ്പ്  കേട്ട് മുയൽ പേടിച്ച് പോയി.കൂട്ടുകാരനായ ആനയോട് മുയൽ പറഞ്ഞു രാജാവിന്റെ  അറിയ്യിപ്പ് കേട്ടോ?ഇല്ല എന്താണ്?ഓരോ ദിവസവും രാജാവ് ഓരോരുത്തരെ ഭക്ഷിക്കും!ഒരു ദിവസം രാജാവ് മാനിനെ ഭക്ഷക്കാൻ ഗുഹയിലേക്ക് വിളിച്ചു.അതു കേട്ട് മുയലും ആനയും ഭയന്നു.അടുത്ത ദിവസം ആമയെ ഗുഹയിലേക്ക് വിളിച്ചു.ബുദ്ധിമാനായ ആമ രാജാവിനോട് പറഞ്ഞു,രാജാവെ അങ്ങയുടെ മുഖഛായയുള്ള ഒരാൾ ഞാൻ കണ്ടു.അവനാണ് കാട്ടിലെ രാജാവ് എന്ന് അവൻ പറയന്നു. ആരാണത് എനിക്ക് അറിയില്ല.കിണറിന്റെ ഉള്ളിൽ അയാൾ ഉണ്ട്. അങ്ങനയോ? ഞാൻ അവനെ ശരിയാക്കും.അവർ കിണറിലേക്ക് പോയി. രാജാവ് കിണറ്റിലേക്ക് നോക്കിയപ്പോൾ രാജാവന്റെ പ്രതിബിംബം കണ്ടു. മണ്ടനായ രാജാവ് കിണറ്റിലേക്ക് ചാടി.അങ്ങനെ സിംഹം മരിച്ചു.



# ഇന്ത്യൻ റെയിൽവേ

Athil -PM -9B

ഭാരത സർക്കാരിന്റെ ഉടമസ്ഥതയിലുള്ള പൊതുമേഖല സ്ഥാപനമാണ് ഇന്ത്യൻ റെയിൽവേ. ലോകത്തിലെ തന്നെ ഏറ്റവും തിരക്കേറിയതും വലുതുമായ തീവണ്ടിപ്പാതാശൃംഖലകളിലൊന്നാണ് ഇന്ത്യൻ റെയിൽവേ ചരിത്രം വൈദ്യുതീകരണം യാത്രാ സേവനങ്ങൾ
ചരക്കു തീവണ്ടികൾ തപാൽ സർവ്വീസ് ഇന്ത്യൻ റെയിൽവേയുടേത് , ഏകദേശം 5000 കോടി യാത്രക്കാരും, 650 ദശലക്ഷം ടൺ ചരക്കും ഓരോ വർഷവും ഇന്ത്യൻ റെയിൽപ്പാതകളിലൂടെ നീങ്ങുന്നുണ്ട്. അതുമാത്രമല്ല 16 ലക്ഷത്തിൽ കൂടുതൽ പേർക്ക് തൊഴിൽ നൽകുന്ന ഒരു സ്ഥാപനവും കൂടിയാണ് ഇന്ത്യൻ റെയിൽവേ. ഇന്ത്യയിലെ തീവണ്ടി ഗതാഗത മേഖല ഇന്ത്യൻ റെയിൽവേയുടെ കുത്തകയാണെന്നു പറയാം. ഇന്ത്യൻ റെയിൽവേയിലെ മൊത്തം തീവണ്ടിപ്പാതയുടെ നീളം 63,940 കിലോമീറ്ററോളം വരും.ഇന്ത്യയിൽ ആദ്യമായി തീവണ്ടി ഗതാഗതം ആരംഭിച്ചത് 1853 ലാണ്

## ചരിത്രം

1844 ൽ ഇന്ത്യയുടെ ഗവർണർ ജനറൽ ആയിരുന്ന ലോർഡ് ഹാർഡിഞ്ജ് (Lord Hardinge) ഇന്ത്യയിൽ തീവണ്ടിഗതാഗതം ആരംഭിക്കാൻ സ്വകാര്യ സംരംഭകരെ അനുവദിച്ചു. ഈ തീരുമാനത്തിന്റെ ഫലമായി ഇംഗ്ലണ്ടിലുള്ള നിരവധി നിക്ഷേപകർ പണം മുടക്കാൻ തയ്യാറായി മുന്നോട്ടു വന്നു. ഇതേത്തുടർന്നാണ് ഇന്ത്യയിൽ തീവണ്ടിഗതാഗതം എന്ന അക്കാലത്തെ ഏറ്റവും പുതുമയുള്ള ഗതാഗതസംവിധാനത്തിന് തുടക്കമിടുന്നത്. 1851 ഡിസംബർ 12 ആം തീയതിയാണ് ഇന്ത്യയിൽ ആദ്യമായി തീവണ്ടി ഓടിയത്. റൂർക്കിയിലേക്കുള്ള നിർമ്മാണ വസ്തുക്കൾ കൊണ്ടുപോകാൻ വേണ്ടിയായിരുന്നു ഇത്[2]. ഒന്നര വർഷത്തിനു ശേഷം 1853 ഏപ്രിൽ 16 ആം തീയതി ഇന്ത്യയിലെ ആദ്യത്തെ യാത്രാതീവണ്ടി ഓടിത്തുടങ്ങി[1]. അങ്ങനെ ഇംഗ്ലണ്ടിൽ തീവണ്ടി ആദ്യമായി ഓടിയതിനു ശേഷം വെറും 28 വർഷം കൊണ്ടുതന്നെ അത് ഇന്ത്യയിലെത്തി. ലോർഡ് ഫാക്ക്ലാന്റ് എന്ന 2-4-0 എഞ്ചിനാണ് ഈ തീവണ്ടിയിൽ ഘടിപ്പിച്ചിരുന്നത്[3]. ബോറിബന്ദർ, ബോംബെ, താനെ എന്നീ സ്ഥലങ്ങളിലൂടെയാണ് ഈ തീവണ്ടി ഓടിയത്.

## വൈദ്യുതീകരണം

1925 ഫെബ്രുവരി 3-നാണ് ഇന്ത്യയിൽ ആദ്യമായി വൈദ്യുതി ഉപയോഗിച്ച് തീവണ്ടി

ഓടിത്തുടങ്ങുന്നത്. ഇത് ബോംബേ(ഇന്നത്തെ മുംബയ്)യിലായിരുന്നു. 1931 നവംബർ 5-ന് മദിരാശി മുതൽ താംബരം വരെയുള്ള മീറ്റർ ഗേജ് പാതയിലും വൈദ്യുതി എഞ്ചിനുകൾ ഉപയോഗിക്കാൻ തുടങ്ങി. തുടർന്ന് 1936 വരെ ബോംബെയുടെ പരിസരങ്ങളിൽ റെയിൽപ്പാത വൈദ്യുതീകരണം സജീവമായിരുന്നു. പിന്നീട് ഒരു നീണ്ട ഇടവേളകഴിഞ്ഞ് 1950 കളിൽ സ്വാതന്ത്ര്യലബ്ധിക്കു ശേഷം ഇത് വീണ്ടും സജീവമായി. 1976 ആഗസ്റ്റ് ആയപ്പോഴേക്ക് ഹൗറ - ദൽഹി പാത മുഴുവനായും 1988 ഫെബ്രുവരിയിൽ ബോംബേ - ദൽഹി പാതയും 2008- ഓടെ ചെന്നൈ - തിരുവനന്തപുരം പാതയും മുഴുവനായും വൈദ്യുതീകരിച്ചു. 25 കിലോവോൾട് തീവ്രതയിലുള്ള എ.സി. വൈദ്യുതിയാണ് മിക്ക പാതകളിലും ഉപയോഗിക്കുന്നത്. ഡി.സി. ഉപയോഗിക്കുന്ന പാതകളും എഞ്ചിനുകളും ചിലയിടങ്ങളിലുള്ളവ ഘട്ടം ഘട്ടമായി നിർത്തലാക്കാനുള്ള ശ്രമത്തിലാണ് ഇന്ത്യൻ റെയിൽവേ.

## യാത്രാ സേവനങ്ങൾ

ഇന്ത്യൻ റെയിൽവെ വഴി 8,702 തീവണ്ടികളിലായി ഏകദേശം 5000 കോടി യാത്രക്കാർ, 27 സംസ്ഥാനങ്ങളിലും മൂന്ന് കേന്ദ്രഭരണപ്രദേശങ്ങളിലുമായി (ഡൽഹി, പോണ്ടിച്ചേരി, ചണ്ഡീഗഢ്), ഓരോവർഷവും യാത്ര ചെയ്യുന്നു. ഒരു സാധാരണ യാത്രാ തീവണ്ടിയിൽ 18 കോച്ചുകളുണ്ടാവും(coach), ചില പ്രത്യേക തീവണ്ടികളിൽ 24 കോച്ചുകളുണ്ടാവും. ഓരോ കോച്ചും 18 തൊട്ട് 72 യാത്രക്കാരെ വരെ ഉൾക്കൊള്ളും. യാത്രാ സൗകര്യവും ഘടനയും അനുസരിച്ച് കോച്ചുകളെ പ്രത്യേക വിഭാഗങ്ങളായി തിരിച്ചിട്ടുണ്ട് (സ്ലീപ്പർ ക്ലാസ്, ശീതീകരിച്ചവ എന്നിങ്ങനെ). കൂടുതൽ സൗകര്യമുള്ള കോച്ചുകളിൽ യാത്രാനിരക്കും കൂടുതലായിരിക്കും. ഒരു സാധാരണ യാത്രാതീവണ്ടിയിൽ മൂന്ന് തൊട്ട് അഞ്ച് വരെ ശീതീകരിച്ച കോച്ചുകളുണ്ടാവും.നഗരങ്ങളിലും നഗരപ്രാന്ത തീവണ്ടിസർവീസുകൾ (Suburban Railway) നിലവിലുണ്ട്. നഗരത്തിൽ ദിവസേന ജോലിക്കും മറ്റാവശ്യങ്ങൾക്കും വന്നു പോവുന്നവരാണ് ഈ സേവനത്തിന്റെ ഉപഭോക്താക്കൾ. നഗരപ്രാന്തങ്ങളിൽ ജീവിക്കുന്നവരും എന്നാൽ എന്നും നഗരത്തിൽ വന്നു മടങ്ങേണ്ടവരുമായ അനേകം ആൾക്കാരുണ്ട് ഇവർക്ക് വളരെ പ്രയോജനകരമാണ് നഗരപ്രാന്ത തീവണ്ടികളുടെ സേവനം. ദീർഘദൂരതീവണ്ടികളിൽ നിന്നു വിഭിന്നമായി കൂടുതൽ ആളുകൾക്ക് യാത്ര ചെയ്യാവുന്ന രീതിയിലാണു ഇവയുടെ ബോഗികൾ ഒരുക്കിയിരിക്കുന്നത്. നഗരപ്രാന്ത തീവണ്ടികൾ ബോംബെ (ഇപ്പോൾ മുംബൈ), മദ്രാസ് (ഇപ്പോൾ ചെന്നൈ), കൽക്കട്ട, ഡൽഹി, ഹൈദരാബാദ്, പൂനെ എന്നീ നഗരങ്ങളിലുണ്ട്.

## ചരക്കു തീവണ്ടികൾ

ചരക്കുതീവണ്ടി സർവീസുകളാണ് ഇന്ത്യൻ റെയിൽവേയ്ക്കു കൂടുതൽ ലാഭകരം. ഇന്ത്യൻ റെയിൽവേയുടെ വരുമാനത്തിന്റെ 70 ശതമാനവും ഈ മേഖലയിൽ നിന്നാണ്.ഇന്ത്യൻ റെയിൽവേ കൈകാര്യം ചെയ്യുന്ന ചരക്കുകളിൽ പ്രധാനമായവ ഭക്ഷ്യധാന്യങ്ങളും

കൽക്കരിയുമാണ്. ഇതുവഴി രാജ്യത്തിന്റെ ഭക്ഷ്യസുരക്ഷയും ഊർജ്ജസുരക്ഷയും ഉറപ്പാക്കുന്നതിൽ റെയിൽവേക്ക് വലിയ പങ്കുണ്ട്. ഇവ കൂടാതെ കാർഷിക ഉല്പന്നങ്ങൾ, പാൽ, പെട്രോളിയം ഉല്പന്നങ്ങൾ, സിമന്റ്, വാഹനങ്ങൾ, ആധുനിക ഉപഭോഗവസ്തുക്കൾ തുടങ്ങി തീപ്പെട്ടി വരെയുള്ള അനേകം സാധനങ്ങൾ തീവണ്ടി മാർഗ്ഗം രാജ്യത്തിന്റെ ഒരു ഭാഗത്തുനിന്ന് മറ്റുഭാഗങ്ങളിലേക്ക് എത്തിപ്പെടുന്നുണ്ട്.

## തപാൽ സർവ്വീസ്

ഇന്ത്യയിലെ തപാൽ ശൃംഖലയുടെ നെടുംതൂണാണ് ഇന്ത്യൻ റെയിൽ വേ. തപാൽ ഉരുപ്പടികൾ രാജ്യത്തങ്ങോളമിങ്ങോളം എത്തിക്കുന്നത് ഇന്ത്യൻ റെയിൽ വേ ആണ്. അടുത്തകാലം വരെ പ്രധാനപ്പെട്ട മെയിൽ/എക്സ്പ്രസ്സ് വണ്ടികളിലൊക്കെ തപാൽ ഉരുപ്പടികൾ കൊണ്ടുപോകാൻ പ്രത്യേകം ബോഗികൾ തന്നെ ഉണ്ടായിരുന്നു. വണ്ടി ഓടിക്കൊണ്ടിരിക്കെ അവയിൽ വച്ച് ഉരുപ്പടികൾ സോർട്ട് ചെയ്യുന്ന രീതിയും ഉണ്ടായിരുന്നു.

# കുഞ്ഞിക്കോഴിയും കുറുക്കനും

## ചെറുകഥ


ഒരു കാട്ടിൽ ഒരു പാവം കോഴി ഉണ്ടായിരുന്നു.ഒരു ദിവസം ആ കോഴി അതിന്റെ മകളായ കുഞ്ഞിക്കോഴിയോട് പറഞ്ഞു:നീ എവിടേയും പോകരുത്.ഞാൻ നമുക്കുള്ള ഭക്ഷണം തേടിയിട്ടു വരാം.കോഴി അമ്മ പോയപ്പോൾ അഹങ്കാരിയായ കുഞ്ഞി ക്കോഴി പുറത്തിറങ്ങി നടന്നു. പെട്ടന്ന് മുമ്പിൽ ഒരു കുറുക്കനെ കണ്ടു.കോഴി പേടിച്ച് ഒരു കാട്ടിലേക്കോടി.കുഞ്ഞിക്കോഴിക്ക് പേടിച്ചു കൊണ്ട് സ്വന്തം തന്നെ പറഞ്ഞു അമ്മ പറഞ്ഞത് കേട്ടാമതിയായിരുന്നു,കുഞ്ഞിക്കോഴിക്ക് കുറ്റബോധംതോന്നി. കുഞ്ഞിക്കോഴിപേടിച്ച് കൊണ്ട് വീട്ടിലേക്ക് പോകാൻ ശ്രമിച്ചു.പെട്ടെന്ന് കുറുക്കൻകോഴിയെകണ്ട.കുറുക്കൻകോഴിയുടെപുറകെഓടാൻതുടങ്ങ.കുഞ്ഞിക്കോഴി നിലവിളിച്ച് ഓടി.അങ്ങനെ അവസാനം കുറുക്കൻ അഹങ്കാരിയായകുഞ്ഞി കോഴിയെ തിന്നു.

SHAMNAD .K-9B

# ഒരു കണ്ണാടി പുഴയുടെ രോദനം

***പച്ച പരവതാനി വിരിച്ച അതിമനോഹരമായ  ഗ്രാമം. ആ ഗ്രാമത്തോട് ചേർന്ന് കണ്ണാടിപുഴ പോലെ ഒരു പുഴ. ആ ഗ്രാമവാസികളുടെ ജലസ്രോതസ്സ് ആ പുഴയായിരുന്നു. ഗ്രാമവാസികളെല്ലാം സന്തോഷത്തോടെ കഴിയുമ്പോൾ അവർക്ക് സഹിക്കാനാവാത്ത ഒരു കഠിനമായ സംഭവം നടന്നുഎല്ലാവരും നിശ്ചലമായി. അവർആ സംഭത്തെ എതിർത്തു. പക്ഷെ, ആ ക്രൂരത നിർത്തിയില്ല. ആ കണ്ണാടികായലിനെ നോവിച്ചു കൊണ്ടേയിരുന്നു. പിന്നീട് എപ്പോഴോ ആ ക്രൂരത നിലച്ചു.***

*GAYATHRI ANIL-9C*


Dance Company
by Amrutha T.V
16-08-2018

# വിശപ്പ്

ചെറുകഥ

അവൾ കുട്ടികൾക്കിടയിൽ കയറി എത്തി നോക്കി .അവിടെ എല്ലും തോലുമായ ഒരു വൃദ്ധൻ കിടന്നു ഞരങ്ങുകയാണ്. എന്തെങ്കിലും കഴിക്കാനായി അയാൾ ചുറ്റും നിൽക്കുന്നവരോട് കൈകൾ നീട്ടുന്നു.കുറെ കുട്ടികൾ അയാളെ കളിയാക്കുന്നുണ്ട് .

അവൾക്ക് വല്ലാതെ വിഷമം തോന്നി.ആ വൃദ്ധൻ അവളെ കണ്ടു.അയാൾ മെലിഞ്ഞുണങ്ങിയ കൈകൾ നീട്ടി അവളോട് എന്തോ പറഞ്ഞു. ചില കുട്ടികൾ അപ്പോളും കൂക്കിവിളിച്ചു.അവൾ പിന്നെയൊന്നും ചിന്തിച്ചില്ല.ബാഗ് തുറന്ന് ചോറ്പാത്രം പുറത്തെടുത്തു .അതിലെ മുഴുവൻ ചോറും അവൾക്ക് ഏറ്റവും ഇഷ്ടപ്പെട്ട മുളക് ചമ്മന്തിയും അയാളുടെ കൈവെള്ളയിലേക്കു പകർന്നു കൊടുത്തു.അയാളുടെ കുഴിഞ്ഞ കണ്ണുകൾ നനഞ്ഞു .ആർത്തിയോടെ അയാൾ ചോറ് തിന്നു തുടങ്ങി.അവസാനത്തെ വറ്റും അയാളുടെ വയറ്റിലെത്തുന്നതു വരെ അവൾ നോക്കി നിന്നു.അവൾക്കെന്തോ പെട്ടന്ന് കരച്ചിൽ വന്നു.അത് സന്തോഷം കൊണ്ടായിരുന്നു.വിഷന്നു വലഞ്ഞ ഒരു പാവം വൃദ്ധന് അന്നം കൊടുത്തതിനുള്ള സന്തോഷ കണ്ണീർ.

*FATHIMA -9C*

# രണ്ടു മഴ

VINAYA–9A

മാനത്തുള്ളൊരു കറുത്ത മേഘം
പതിയെ പതിയെ മഴ പെയ്യിച്ചു താഴോട്ട്,
ആ മഴ എന്തൊരു ഭംഗിയാണ്....
മണ്ണിൽ  നിൽക്കും കറുത്ത കൊമ്പൻ
പതിയെ പതിയെ മഴ പെയ്യിച്ചു
മേലോട്ട്.....

'ഭുമിയിലെ  ഒരു സൗന്ദര്യമാണ് മഴ'..
ആകാശത്തിലെ ഒരു മനോഹരമായ
കാഴ്ചയാണ് മഴ.ഇത് പ്രകൃതി നമ്മുക്ക് തന്ന
ഒരു  വരാദാനമാണ്.  പ്രകൃതിലെ  ഈ മഴ
ഭുമിയിലെ  എല്ലാ  ജിവജാലങ്ങക്കും
ഒരു  വരാദാനമാണ്.

# തീരക്കനലുകളിൽ മനസ്സ്

കവിത

Shamnad.k

നൊമ്പരങ്ങളാം തീകനലുകളിൽ നിന്നു
നീന്തുന്നൊരാമനംപിടയുന്നു
തീജ്ജ്വലകളയ് പടരുന്നു വങ്ങലുകൾ
തോൽവിതൻ മുറിവിന്റെ വേദനകൾ
കളകളമായൊഴുകം കനൽവഴികൾ

# പുഴ

കവിത

കളകളം ഒഴുകും  അഴകേ..
നിൻ ഒഴുക്കങ്ങോട്ട്......
നിൻ കളകള  നാദം  എത്ര  സുന്ദരം
നിൻ കാൽതളകൾ.....
എപ്പോഴാണ്  ചിന്നി ചിതറിയത്

ആരെയും മയക്കും പാൽ...
പുഞ്ചിരി ആർക്കാണി പുഞ്ചിരി...
അചഞ്ചലമാകാത്ത നിൻ നാദം
അചഞ്ചലമായേതൊരു പുണ്യാതമാവിനെയും
നീ ചഞ്ചലമാകുന്നു

രാവിൻ അന്തകാരത്തിൽ
നിൻ നാദം മാലോകരെ
താരാട്ടായി നിദ്രയിലാഴ്ത്തുന്നു...

ഭൂമിമാതാവിൻ ഗർഭത്തിൽ

നിന്നും ജനിച്ച നിൻ

എവിടേക്കാണ് മറയുന്നത്...

നീ എങ്ങനെ അചഞ്ചലമായി......

അനഘ പ്രദീപ്

# സൗന്ദര്യം

കവിത

പുഴയെ നീ എത്ര സുന്ദരം
കളകളം ഒഴുകുന്ന നിൻ നാദം
എത്ര സുന്ദരം......

എല്ലാം ഒരോർമ്മമാത്രം എവിടെ
നിന്നുടെ ആ മനോഹാരിത?
എവിടെ നിന്നുടെ നാദം
കാറ്റിൽ തഴുകി ഒഴുകിയെത്തും
നിൻ മന്ദഹാസം എവിടെ ?...

മാറുന്നു നീ മറയുന്നു നീ..
മടങ്ങുന്നു നീ എവിടെക്കു
നിൻ വിടവാങ്ങൽ എവിടെക്ക്
കേവലം മനുഷ്യൻ തൻ ചിന്ത
നിൻ വിടവാങ്ങൽ ചെയ്തികൾ

നിൻ വിടവാങ്ങൽ ....

മാലിന്യങ്ങൾ നിന്നെ ഇഞ്ചിഞ്ചായി
കാർന്നു തിന്നുന്നു വിഷജലം
നിന്നെ ഒറ്റപ്പെടുത്തുന്നു ....
നിൻ സഹവാസികളൊന്നൊ
ന്നായി ഇല്ലാതാവുന്നു...

പ്രകൃതമ്പ ഒന്നൊന്നായി ഇല്ലാതാവുന്നു
ഇതിനെല്ലാം കാരണം മനുഷ്യൻ......
മനുഷ്യാ നീ മനുഷ്യനല്ലാതാവുന്നു
നീയൊരു മനുഷ്യമൃഗം മാത്രം

ചിന്തിക്കു നമ്മുടെ പുഴകൾ
എവിടെ കളകളനാദമെവിടെ....
എല്ലാമൊരോർമ്മമാത്രം
വെറുമൊരോർമ്മമാത്രം.......

അനഘ പ്രദീപ്

# മരുപ്പച്ച

ANAGHA SATHEESH - 9A

ഒരു വരണ്ട മരുഭൂമി.

അവിടെ ഒരു പക്ഷിയുണ്ടായിരുന്നു.അത് വളരെ ക്ഷീണിതയായയിരുന്നു.ദൂരെ നിന്നും വന്ന ദേശാടനപക്ഷി ആയിരുന്നു അത്.പറന്നുവരുന്നതിനിടയിൽ പെട്ടന്ന് താഴേക്ക് വീണു.ചുറ്റും നോക്കിയപ്പോൾ മണൽമാത്രം.പക്ഷി പതുക്കെ നടന്നു.പെട്ടന്ന്  ഒരു മഴ പെയ്തു.മൂന്നുനാലു ദിവസം നീണ്ട മഴ. ചുറ്റിലും പച്ചപ്പ് മുളച്ചുവന്നു. മണ്ണാകെ നനഞ്ഞിരിക്കുന്നു. പുതിയ നാമ്പുകൾ മണ്ണിനെയാകെ പച്ചപ്പണിയിച്ചു. അവിടെയും ഇവിടെയുമായി കെട്ടികിടക്കുന്ന ജലം കുടിക്കാനായി ആ പക്ഷി പറക്കാൻ ഒരു ശ്രമം നടത്തി. പക്ഷെ അത് വിജയിച്ചില്ല. ഒരു തുള്ളി   ജലം കുടിക്കാനാകാതെ അത് അന്ത്യശ്വാസം വലിച്ചു.



# മേഘം

കവിത

ആര്യനന്ദ പി . ആർ

വാനിൽ മന്ദം മന്ദം നീങ്ങും മേഘമേ......
നിൻ കണ്ണീർ കടലായി മാറുന്ന ഭൂമിയിൽ ,
ഹാ! അന്തരംഗം കുളിർക്കുന്നു , തളിർക്കുന്നു
നിൻ കരസ്പർശം ഏറ്റിട്ടുമ്പോൾ......

മഴയായി,കാറ്റായി, ഇടിമിന്നലായി
നീ നിൻ സാമിപ്യം ഭൂമിയിൽ ഉറപ്പിക്കവേ.....
നൽകുന്നു മർത്യനു ജീവോന്മാദവും,
അതിലേറെ ദുരിതവും .......

പെയ്യുക നീ മഴയായ് ജീവശ്വാസമായ്
കുടിനീരായ്.........
തടയുക നീ ഉരുൾപൊട്ടലും, നഷ്ടവും,
എങ്കിലും നീ പെയ്യുക ......
ജീവനസ്തമിക്കും വരെയും...... അല്ലെങ്കിൽ,
നിനക്കു മതിയാവോളം

# നന്ദി

ലിറ്റിൽകൈറ്റ് യൂണിറ്റ്
ജി.എച്ച്.എസ്.എസ്. തരിയോട്
രജി. നമ്പർ- LK / 15019 / 2018
വയനാട്